ആർ.ബി.ഐ/2005-06/174

ഡി.ജി.ബി.എ.ജി.ഏ.ഡി നം.എച്ച് 3095/41.07.001/2005-06 06, ഒക്ടോബർ, 2005

എല്ലാ ഏജൻസി ബാങ്കുകളുടേയും

ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ

സർ,

**ഗവൺമെന്റ് ബിസിനസ്സ് നടത്തിപ്പ് - നികുതിദായകർക്ക് ഇ-പെയ്മെന്റ് ലഭ്യമാക്കൽ - ഇന്റർനെറ്റ് ബാങ്കിംഗ് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

സർക്കാർ വകുപ്പുകൾക്ക് വേണ്ടിയുള്ള നികുതി പിരിവിന് ഈ- പേയ്മെന്റ് സൗകര്യം നടപ്പാക്കാൻ ഞങ്ങളുടെ അനുമതി തേടിക്കൊണ്ടുള്ള ഏജൻസി ബാങ്കുകളുടെ അഭ്യർത്ഥന ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

2. ഈ പശ്ചാത്തലത്തിൽ, ഇടപാടുകാർക്ക് ഗുണകരമായ ഇ-പെയ്മെന്റ് സംവിധാനം സർക്കാരിനും സാർക്കാരിന്റെ ഉപഭോക്താക്കൾക്കും കൂടി ലഭ്യമാക്കേണ്ടതാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇതുമായി ബന്ധപ്പെട്ട ഞങ്ങളുടെ ബാങ്കിങ്ങ് ഓപ്പറേഷൻസ് & ഡെവലപ്പ്മെന്റ് വകുപ്പ് (DBOD) 2005 ജൂലൈ 20ന് പുറപ്പെടുവിച്ചിട്ടുള്ള RBI/005-06/71 നമ്പർ സർക്കുലർകൂടി താങ്കളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. (www.rbi.org.in എന്ന വെബ് സൈറ്റിൽ ഇത് ലഭ്യമാണ്.)
3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഗവൺമെന്റിന്റെ മന്ത്രാലയങ്ങൾ/ വകുപ്പുകൾ എന്നിവക്ക് ഇ-പെയ്മെന്റ് സൗകര്യം ഏർപ്പെടുത്താനായി ഓരോ തവണയും ഞങ്ങളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതില്ല എന്ന് അറിയിച്ചുകൊള്ളുന്നു. എങ്കിലും ഇക്കാര്യം നടപ്പിലാക്കുമ്പോൾ 2005 ജൂലൈ 20 ലെ DBOB സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ള മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4. കത്ത് കൈപ്പറ്റിയ വിവരം അറിയിക്കുക.

വിശ്വാസ്തതയോടെ

ഗിരീഷ് കല്യാൺപൂർ

ഡെപ്യൂട്ടി ജനറൽ മാനേജർ